## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.273 26.09.2016 ൽ മറുപടിയ്ക്ക്

### വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എം. വിൻസെന്റ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് പൊതുവിപണിയിലെ അവശ്യ വസ്തുക്കളുടെ വില വർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സപ്ലൈകോ 13 ഇനം അവശ്യസാധനങ്ങളാണ് സബ്സിഡി നിരക്കിൽ വിൽപ്പനശാലകൾ വഴി വിതരണം ചെയ്ത് വരുന്നത്.<br><br>ഇവ ഉൾപ്പെടെ 21 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. കൂടാതെ കിലോയ്ക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും സപ്ലൈകോ വിൽപ്പനശാലകൾ വഴിയും വിതരണം ചെയ്തു വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് |

ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP യേക്കാൾ/ മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലി, നീതി സ്റ്റോറുകളിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലുണ്ടായിരുന്നതും വർദ്ധിപ്പിച്ചതുമായ വിലവിവരത്തിന്റെ വിശദാംശം നൽകാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം വിലസ്ഥിരത ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ച 13 ഇന നിത്യോപയോഗസാധനങ്ങളിൽ വെളിച്ചെണ്ണ ഒഴികെയുള്ള അവശ്യഭക്ഷ്യ വസ്തുക്കളുടെ സബ്സിഡി വിൽപ്പനവില വർദ്ധിപ്പിച്ചിട്ടില്ല. 2016 – 17 ബജറ്റിൽ വെളിച്ചെണ്ണയ്ക്ക് 5% VAT ഏർപ്പെടുത്തിയതുമൂലം വെളിച്ചെണ്ണവില 88/- രൂപയിൽ നിന്നും സബ്സിഡി നൽകി കൊണ്ട് 90/- രൂപയ്ക്കാണ് വിൽപ്പന നടത്തി വരുന്നത്.

(സി) വിപണിയിൽ ഇടപെടുന്നതിന്റെ ഭാഗമായി സിവിൽ സപ്ലൈസ് കോർപ്പറേഷന് സർക്കാർ ഈ വർഷം എത്ര തുക അനുവദിച്ചു വെന്ന് വ്യക്തമാക്കാമോ?

(സി) ഈ സർക്കാർ അധികാരമേറ്റശേഷം 2016-17 സാമ്പത്തിക വർഷത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് വിപണിയിടപെടലിനായി അനുവദിച്ച തുകയായ 70 കോടി രൂപ 150 കോടി രൂപയായി വർദ്ധിപ്പിച്ചു. ഇതിൽ നിന്നും 2016 സെപ്റ്റംബർ മാസം വരെ 131.42 കോടി രൂപ സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ